1. തിരുവനന്തപുരം–കന്യാകുമാരി.
2. തിരുനൽവേലി–കന്യാകുമാരി.
3. തൃശ്ശൂർ–കൊല്ലങ്കോട്–ചിറ്റൂർ.
4. തൃശ്ശൂർ–ഗുരുവായൂർ.
5. കുറിപ്പുറം–കൊടുങ്ങല്ലൂർ (ഗുരുവായൂർ വഴി).
6. കൊല്ലം–ചെങ്കോട്ട ലൈനിനെ പുനലൂർവച്ചു് ബന്ധിക്കുകയും, കൊല്ലം–കോട്ടയം ലൈനിനെ മാവേലിക്കരയേ, ചെങ്ങന്നൂരേ, തിരുവല്ലായിലോ വച്ചു് ബന്ധിക്കുകയും ചെയ്യുന്ന കോർഡ് ലൈൻ (chord line).
7. മാവേലിക്കര–ആലപ്പുഴ–എറണാകുളം.
8. കൊച്ചി–ബോഡിനായ്ക്കന്നൂർ.
9. ഏറ്റുമാനൂർ (കോട്ടയം–എറണാകുളം ലൈൻ)–മുണ്ടക്കയം.

(ബി) ഉൾപ്പെടും.

മജിസ്ട്രേട്ട് കോടതികൾ.

* 843. [56] ശ്രീ. സി. സി. അയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം രണ്ടാംക്ലാസ്സ് മജിസ്ട്രേട്ട് കോടതികളിലാണ് ഇപ്പോൾ മൂന്നാംക്ലാസ്സ് മജിസ്ട്രേട്ടന്മാരെ നിയമിച്ചിട്ടുള്ളതു്; എത്ര കാലത്തേയ്ക്കാണ് ഈ നിയമനം; ഇതുകൊണ്ടു് പൊതുജനങ്ങൾക്കു് വളരെയധികം ബുദ്ധിമുട്ടുള്ളതായി ഗവണ്മെൻറിനു് അറിയാമോ;

(ബി) വടക്കാഞ്ചേരി രണ്ടാംക്ലാസ്സ് മജിസ്ട്രേട്ടുകോടതി ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതിയായി ഉയർത്തുന്നതിനു് മുഖ്യമന്ത്രിക്കു് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) തൃശ്ശൂർ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട് വടക്കാഞ്ചേരിയിൽ സർക്കിൾകോടതി നടത്തുന്ന സമിതിക്കു് ഈ ആവശ്യം നിറവേറ്റാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) കുന്നാട്ടുകളത്തുള്ള മജിസ്ട്രേട്ടിനു മാത്രം രണ്ടാംക്ലാസ്സ് അധികാരം നൽകിയിട്ടില്ല. ഈ മജിസ്ട്രേട്ടിന്റെ നിയമനം തൽക്കാലത്തേയ്ക്കു് രണ്ടുമാസത്തേയ്ക്കാണു്. ഈ മജിസ്ട്രേട്ടിനു് രണ്ടാംക്ലാസ്സ് അധികാരം നൽകുന്ന കാര്യം ഹൈക്കോടതിയുമായി ആലോചനയിലിരിക്കുകയാണു്. പൊതുജനങ്ങൾക്കു് ബുദ്ധിമുട്ടുള്ളതായി അറിവില്ല.

(ബി) ശ്രീ. കെ. ജി മേനോൻ, സോഷ്യലിസ്റ്റ് പ്രവർത്തകൻ, വടക്കാഞ്ചേരി, ഒരു നിവേദനം അയച്ചിട്ടുണ്ടായിരുന്നു.

(സി) ഉദ്ദേശിക്കുന്നു.

പെൻഷൻ ഉദ്യോഗസ്ഥന്മാരുടെ ഡിയർനസ്സ് അലവൻസ്.

* 844. [60] ശ്രീ. കെ. സി. എബ്രഹാം : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കൊച്ചി വിഭാഗത്തിലെയും തിരുവിതാംകൂർ വിഭാഗത്തിലെയും പെൻഷൻഡ് ഉദ്യോഗസ്ഥന്മാക്ക് കൊടുക്കുന്ന ഡിയർനസ് അലവൻസിൽ എന്തെങ്കിലും വ്യത്യാസം ഇപ്പോഴും നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് ഏകീകരിക്കുവാൻ ആലോചനയുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്. കൊച്ചി വിഭാഗത്തിലെയും തിരുവിതാംകൂർ വിഭാഗത്തിലെയും പെൻഷൻഡ് ഉദ്യോഗസ്ഥന്മാക്കു് നൽകിയിരുന്ന വിവിധ നിരക്കുകളിലുള്ള അലവൻസ് ഏകീകരിച്ചുകൊണ്ടു് 10-7-1954-ൽ ഗവണ്മെൻറ് ഉത്തരവു് പുറപ്പെടുവിച്ചു. 1-4-1954-നു ശേഷം പെൻഷനായിട്ടുള്ള ഉദ്യോഗസ്ഥന്മാക്കു് ഏകീകരിച്ച നിരക്കിൽ ആണു് പെൻഷൻ അലവൻസ് നൽകിവരുന്നതു്. എന്നാൽ ഏകീകരിച്ച നിരക്കിൽനിന്നു കൂടുതലായി കൊച്ചി വിഭാഗത്തിൽ ചില്ലർ മുമ്പു വാങ്ങിക്കൊണ്ടിരുന്ന അലവൻസ് തന്നെ തുടർന്നു വാങ്ങുന്നതിനു് അനുവദിച്ചിട്ടുണ്ടു്.

(ബി) ഇല്ല.

എൻ. ഇ. എസ്സ്. ബ്ലോക്കു് അഡൈവസറി കമ്മിറ്റികൾ.

* 845. [63] ശ്രീ. പി. കെ. കുഞ്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ഇ. എസ്സ്. ബ്ലോക്കുകളിലേയ്ക്കു് അഡൈവസറി കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതു് ഏതിനുവേണ്ടിയാണു്; ഈ അഡൈവസറി കമ്മിറ്റികളുടെ ജോലികൾ എന്തൊക്കെയാണു്.

(ബി) എൻ. ഇ. എസ്സ്. ബ്ലോക്കുകളിലേയ്ക്കു് അനുവദിച്ചിട്ടുള്ള തുക ഓരോ പഞ്ചായത്തിനും എത്ര വീതമാണു് വിതരണം ചെയ്യുന്നതു് എന്തു മാനദണ്ഡത്തിലാണു്;

(സി) ഇതു സംബന്ധിച്ചു് എന്തെങ്കിലും തീരുമാനങ്ങൾ ചെയ്യുവാൻ അഡൈവസറി കമ്മിറ്റികൾക്കു് അധികാരമുണ്ടോ;

(ഡി) എൻ. ഇ. എസ്സ്. ബ്ലോക്കു് അതിർത്തിയിൽ ചെയ്യേണ്ട പണികളുടെ പ്രയോറിറ്റി ലിസ്റ്റു് തീരുമാനിക്കുന്നതിനുള്ള അവകാശം അഡൈവസറി കമ്മിറ്റികൾക്കു് വിട്ടുകൊടുക്കുന്ന കാര്യവും അതിനുശേഷം കമ്മിറ്റി ചെയ്യുന്ന തീരുമാനങ്ങൾ മാറ്റം വരുത്താതെയിരിക്കുന്നകാര്യവും ഗവണ്മെൻറ് പരിശോധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഒരു എൻ. ഇ. എസ്സ്. ബ്ലോക്കിനു് പല ഇനങ്ങളിലായി അനുവദിച്ചിട്ടുള്ള തുകകൾ ബ്ലോക്കു് അതിർത്തിയിലെ പ്രാദേശികാവശ്യങ്ങളെ നിർണ്ണയിക്കാനും, അവയ്ക്കു് മുൻഗണനകൾ നൽകാനും ജോലികൾ ചെയ്യുന്ന കാര്യത്തിൽ ധനപരമായും മറ്റും പൊതുജനസഹകരണം സമ്പാദിക്കുവാനുമാണു്. ക്രമേണ സഹകരണാടിസ്ഥാനത്തിൽ, പൊതുപ്രവർത്തനങ്ങൾ ഗവണ്മെൻറിന്റെ സാങ്കേതിക സഹായത്തോടുകൂടി ജനങ്ങൾ തന്നെ ചെയ്യണമെന്നാണു് പരമമായ ഉദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly